**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1548** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വെൽനസ് സെന്ററുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വെൽനസ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** ഗ്രാമപ്രദേശങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ(ജനകീയ ആരോഗ്യകേന്ദ്രങ്ങൾ) ഏകദേശം 5,000 ജനസംഖ്യയ്ക്കും, ഗോത്രവർഗ്ഗമേഖലയ്ക്കും മലമ്പ്രദേശങ്ങൾക്കും 3000 ജനസംഖ്യയ്ക്കും എന്ന നിരക്കിലും നഗരപ്രദേശങ്ങളിലെ അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ (UHWC) നഗരങ്ങളിലെ ഉയർന്ന ജനസാന്ദ്രത പരിഗണിച്ച് ഏകദേശം 15,000 ജനസംഖ്യയ്ക്കും സേവനം നൽകുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ ജനകീയ ആരോഗ്യ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം ഉണ്ടായിരിക്കണം. സ്വന്തമായി കെട്ടിടമില്ലാത്ത പക്ഷം മാനദണ്ഡ പ്രകാരമുള്ള വാടക കെട്ടിടം ഉപയോഗിക്കാവുന്നതാണ്. ജനങ്ങൾക്ക് എളുപ്പത്തിൽ എത്തിച്ചേരാനാകുന്ന സ്ഥലത്തായിരിക്കണം കേന്ദ്രം സ്ഥിതി ചെയ്യേണ്ടത്. കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം കാത്തിരിപ്പ് സ്ഥലം, ഓഫീസ് മുറി, ക്ലിനിക് മുറി, ശുചിമുറി, കുടിവെള്ള ലഭ്യത, വൈദ്യുതി കണക്ഷൻ എന്നിവ. സ്വന്തമായി ഭൂമിയില്ലാത്ത കേന്ദ്രങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവഴി ഭൂമി വാങ്ങാവുന്നതാണ്; കുറഞ്ഞത് അഞ്ച് സെന്റ് ഭൂമി ഉണ്ടായിരിക്കണം. എല്ലാ വെൽനസ് സെന്ററുകൾക്കും ടെലിമെഡിസിൻ, പരിശീലനം, റിപ്പോർട്ടിംഗ് ചെയ്യുന്നതിന് വേണ്ടി കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഉറപ്പാക്കണം.

**(ബി)** വെൽനസ് സെന്ററുകൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനായി ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതാണ്. സബ് സെന്ററുകളെക്കാൾ കൂടുതൽ സേവനങ്ങൾ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി മികച്ച രീതിയിൽ സേവനം ലഭ്യമാക്കുന്നതിന് നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു

- ആരോഗ്യവർദ്ധക സേവനങ്ങൾ – ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം തുടങ്ങിയ നല്ല ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ.
- രോഗപ്രതിരോധ പ്രവർത്തനങ്ങൾ – വിവിധ രോഗങ്ങൾ തടയുന്നതിനുള്ള മുൻകരുതൽ ഇടപെടലുകൾ.

- വാർഷിക ആരോഗ്യ പരിശോധനകൾ – ജീവിതശൈലി രോഗങ്ങൾ, ക്ഷയരോഗം, കുഷ്ഠരോഗം, വിഷാദരോഗം എന്നിവ നേരത്തെ കണ്ടെത്തുന്നതിനുള്ള പരിശോധനകൾ.
- പ്രാഥമിക രോഗചികിത്സ സൗകര്യങ്ങൾ – സാധാരണ രോഗങ്ങൾക്കുള്ള അടിസ്ഥാന ചികിത്സാ സേവനങ്ങൾ.
- പുനരധിവാസ പിന്തുണ – ദീർഘകാല രോഗബാധിതർക്കായി മാനസിക-സാമൂഹിക പിന്തുണയും പുനരധിവാസ സേവനങ്ങളും.
- പാലിയേറ്റീവ് പരിചരണം – ഗുരുതര രോഗബാധിതർക്കായി വീട്ടുകളിൽ എത്തിച്ചേരുന്ന പരിചരണ സേവനങ്ങൾ.

**മരുന്നുകളും പരിശോധനാ സൗകര്യങ്ങളും**

മരുന്നുകളുടെ ലഭ്യത മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച പ്രധാന നടപടികൾ:

- പുതിയ ഉത്തരവ് പ്രകാരം 36 തരത്തിലുള്ള മരുന്നുകൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി സൗജന്യമായി വിതരണം ചെയ്യുന്നു.

**ലഭ്യമായ ലാബ് പരിശോധനകൾ**

- രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കൽ (GRBS)
- വിളർച്ച (അനീമിയ) കണ്ടെത്തുന്നതിനുള്ള പരിശോധന
- ഗർഭ നിർണയ പരിശോധന
- മൂത്രത്തിൽ പഞ്ചസാര, രക്തം, പ്രോട്ടീൻ എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധന
- മലേറിയ, ഡെങ്കിപ്പനി, മന്ത് രോഗം, ഹെപ്പറ്റൈറ്റിസ് ബി എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധനകൾ
- ഗർഭാശയഗള കാൻസർ (Cervical Cancer) സ്ക്രീനിംഗ്
- ജല ഗുണനിലവാര പരിശോധന

**ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ**

- നിശ്ചിത ദിവസം – നിശ്ചിത ക്ലിനിക്ക് ഓരോ വാർഡിലും നിശ്ചിത ദിവസങ്ങളിലും സ്ഥലങ്ങളിലും ക്ലിനിക്കുകൾ നടത്തുന്നു.
- ജനകീയ ആരോഗ്യ ക്ലബ്ബ് ആരോഗ്യ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ഏകോപിപ്പിച്ച് നടത്തുന്നതിനുള്ള ക്ലബ് സംവിധാനം.
- പ്രാഥമിക സന്ദർശനങ്ങൾ ടീം അംഗങ്ങൾ മുൻഗണനാ ഗൃഹസന്ദർശനങ്ങൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ നടത്തുന്നു.
- വെൽ വുമൺ ക്ലിനിക്കുകൾ JPHN-മാരുടെ നേതൃത്വത്തിൽ ഓരോ ചൊവ്വാഴ്ചയും സ്ത്രീകൾക്കും, ഗർഭിണികൾക്കും, കൗമാരക്കാർക്കും വേണ്ടി നടത്തുന്നു.
- പ്രതിരോധ കുത്തിവെപ്പ് മാസത്തിൽ ഒരു ദിവസം നടത്തുന്നു.
- ആയുഷ്മാൻ ആരോഗ്യ ശിവിർ മാസത്തിൽ ഒരിക്കൽ മെഡിക്കൽ ഓഫീസറുടെ സാന്നിധ്യത്തിൽ ആരോഗ്യ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു.
- എൻ.സി.ഡി. ക്ലിനിക്കുകൾ JHI-മാരുടെ നേതൃത്വത്തിൽ ഓരോ വ്യാഴാഴ്ചയും നടത്തുന്നു. പ്രമേഹം, രക്താതിസമ്മർദ്ദം തുടങ്ങിയ രോഗങ്ങളുടെ സ്ക്രീനിംഗ് ഉൾപ്പെടുന്നു.
- രോഗി പിന്തുണാ കൂട്ടായ്മകൾ MLSP(**(Mid-Level Service Provider)** )-മാരുടെ നേതൃത്വത്തിൽ ഓരോ ശനിയാഴ്ചയും സമാന ആരോഗ്യപ്രശ്നങ്ങളുള്ള രോഗികൾക്കായി കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു.

- SLMI (ഘടനാപരമായ ജീവിതശൈലി മാറ്റങ്ങൾ)പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളുള്ളവർക്കായി മാസത്തിൽ ഒരിക്കൽ ഗ്രൂപ്പ് യോഗങ്ങൾ നടത്തുന്നു.
- ടെലിമെഡിസിൻ ആരോഗ്യ ആവശ്യങ്ങൾക്കായി ടെലികൺസൾട്ടേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നു.

**സെക്ഷൻ ഓഫീസർ**